## വിദ്യാലയ ചരിത്രം

കണ്ണൂർ ജില്ലയിലെ വലിയന്നൂർ അംശത്തിൽ വാരം ദേശത്ത് 1910 -ൽ കടാങ്കോട്ട് റോഡിന് സമീപമുള്ള പറമ്പിലാണ് സ്കൂൾ ആരംഭിച്ചത്. തുടക്കത്തിൽ വാരം എലിമെന്ററി സ്കൂൾ എന്ന പേരിൽ നാലാം തരം വരെയാണ് ക്ലാസുകൾ ഉണ്ടായിരുന്നത്. ഇത് പിന്നീട് അഞ്ചാംതരം വരെയായി. ആദ്യകാലത്ത് മുണ്ടയാട് താമസിച്ചിരുന്ന കെ.പി.കുഞ്ഞമ്പു മാസ്റ്ററായിരുന്നു മാനേജർ. പിന്നീട് വിദ്യാലയം മട്ടന്നൂർ റോഡിലേക്ക് മാറ്റി സ്ഥാപിച്ചുവെങ്കിലും പേരിൽ മാറ്റം ഉണ്ടായില്ല. വാരം എലിമെന്ററി സ്കൂൾ പിന്നീട് എട്ടാം ക്ലാസുള്ള വാരം ഹയർ എലിമെന്ററി സ്കൂളായി ഉയർത്തപ്പെട്ടു. ഉയർത്തപ്പെട്ട വിദ്യാലയത്തിന്റെ പ്രധാനദ്ധ്യാപകനും മാനേജരുമായി കേളു മാസ്റ്റർ നിയമിതനായി. കേളു മാസ്റ്റർക്ക് ശേഷം അദ്ദേഹത്തിന്റെ മക്കളുടെ മാനേജ്മെന്റിൽ വിദ്യാലയം തുടരുകയും 2007-ൽ ശ്രീ വത്സൻ മഠത്തിൽ വിദ്യാലയത്തിന്റെ മാനേജരായി ചുമതല ഏൽക്കുകയും ചെയ്തു.

പ്രധാനാദ്ധ്യാപകനായ കേളുമാസ്റ്റർക്ക് ശേഷം സി.കെ.കുഞ്ഞിരാമൻ നമ്പ്യാർ ചുമതല ഏറ്റു. ഇദ്ദേഹത്തിന് സംസ്ഥാന അധ്യാപക അവാർഡ് ലഭിച്ചിരുന്നു. വി.വി.രാജൻ, പി.ആർ.ഭാർഗ്ഗവി, എം.പി. മോഹനൻ, സി.വി. രാജേന്ദ്രബാബു, കെ.പി. ലളിത, ഇ. ലസിതാദേവി, എ.ഒ ശ്രീ എന്നിവർ പ്രധാന അദ്ധ്യാപകരായിരുന്നു. എം.വി. പ്രീത ആണ് ഇപ്പോഴത്തെ പ്രധാന അധ്യാപകൻ.

### ഭൗതികം

പഴയ കെട്ടിടത്തിൽ 2 ക്ലാസ്സ് മുറികളും, പുതിയ കെട്ടിടത്തിൽ 33 ക്ലാസ് മുറികളും ഉണ്ട്.

എം.പി, എം.എൽ.എ. ഫണ്ടിൽ നിന്നും പൂർവ്വവിദ്യാർത്ഥികളുടെ സഹായത്തോടുകൂടി 15 കമ്പ്യൂട്ടറുകളും, സ്മാർട്ട് ക്ലാസ് റൂമുകളും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ക്ലാസുകളിലും വിദ്യാർത്ഥികൾക്ക് നല്ല പഠനസൗകര്യം ഒരുക്കിയിട്ടുണ്ട്. മുഴുവൻ ക്ലാസുകളിലും ഫാൻ സൗകര്യം ലഭ്യമാണ്. ചുറ്റുമതിൽ, കവാടം, ഓഫീസ് എന്നിവയും ഉണ്ട്. ആധുനിക സംവിധാനമുള്ള അടുക്കളയും ഉണ്ട്.

## പരിമിതികൾ

ലാബുകൾക്ക് ആവശ്യമായ സൗകര്യം കുറവാണ്. ശൗചാലയങ്ങളുടെ എണ്ണം ഇപ്പോൾ പരിമിതമാണ്. ഓഡിറ്റോറിയം, ഓപ്പൺ എയർ സ്റ്റേജ്, പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക്, കളിസ്ഥലം എന്നിവ ഒരുക്കേണ്ടതുണ്ട്. ആയിരത്തിനടുത്ത് വിദ്യാർത്ഥികൾ ഉള്ള നമ്മുടെ വിദ്യാലയത്തിൽ ഒരു ക്ലറിക്കൽ സ്റ്റാഫ് അത്യാവശ്യമാണ്. ക്ലറിക്കൽ സ്റ്റാഫിന്റെ അഭാവം അധ്യാപകരുടെ വലിയ സമയം അപഹരിക്കുന്നുണ്ട്. അദ്ധ്യാപകരുടെ നിയമനങ്ങൾ സമയബന്ധിതമായി അംഗീകരിച്ച് കിട്ടാത്തത് വിദ്യാലയ അന്തരീക്ഷത്തെ ബാധിക്കുന്നുണ്ട്. കായിക അധ്യാപിക ഇല്ലാത്തത് കുട്ടികളുടെ കായി കമായ കഴിവ് പരിപോഷിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

## അക്കാദമിക മികവുകൾ

പഠനകാര്യത്തിലും, പാഠ്യേതര വിഷയങ്ങളിലും ആദ്യകാലം മുതൽക്കേ വിദ്യാ ലയം മികവ് പുലർത്തി വരുന്നു. വാർഷികാഘോഷങ്ങളും, ശാസ്ത്ര പ്രദർശനങ്ങളും ആദ്യകാലം മുതൽക്കേ നടത്തിവരുന്നു. 1 മുതൽ 7 വരെയുള്ള വിദ്യാർത്ഥികൾ ഉയർന്ന ഗ്രേഡിംഗ് നിലവാരം പുലർത്തിവരുന്നു.

- വിദ്യാരംഗം കലാ സാഹിത്യവേദിയുടെ വ്യത്യസ്ത തലങ്ങളിൽ വർഷങ്ങളായി മത്സരിക്കുകയും ഉപജില്ല, ജില്ല എന്നീ തലങ്ങളിൽ വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.
- ഗണിതമേള, ശാസ്ത്രമേള, സാമൂഹ്യ ശാസ്ത്രമേള എന്നിവയിൽ ഉപ ജില്ല, ജില്ലാ തലങ്ങളിൽ മികച്ച വിജയങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്വിസ്മത്സരങ്ങളിൽ സജീവ സാന്നിധ്യം ഉണ്ടാക്കി വരുന്നു. 'ന്യൂ മാത്സ്' ജില്ലാ, സംസ്ഥാന തലത്തിൽ വിജയം കൈവരിച്ചിട്ടുണ്ട്.
- പത്രവാർത്ത ക്വിസ് മത്സരങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങളും സജീവമായി നടത്തിവരുന്നു.
- സ്കൗട്ട്, ഗൈഡ്സ്, ബുൾബുൾ, പരിസ്ഥിതി സംഘടനകൾ, മാതൃഭൂമി സീഡ്, മനോരമ നല്ലപാഠം എന്നീ സന്നദ്ധസംഘടനകൾ സജീവമായി പ്രവർത്തിച്ച് വരുന്നു. സ്ഥിരമായി വനംവകുപ്പുമായി സഹകരിച്ച് പരിസ്ഥിതി ക്യാമ്പുകൾ നടത്തിവരുന്നു.
- എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷയിൽ തുടർച്ചയായി കുട്ടികളെ വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കേന്ദ്ര ഊർജ്ജ സംരക്ഷണ വകുപ്പ് നടത്തിയ ചിത്രരചന, പ്രബന്ധ രചന മത്സരങ്ങ ളിൽ ജില്ല, സംസ്ഥാന തലങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ മികച്ച വിജയം നേടിയിട്ടുണ്ട്.

- നല്ല പാഠവുമായി സഹകരിച്ചുകൊണ്ട് നടത്തിയ 20-20 ചാലഞ്ച് മത്സരത്തിൽ നമ്മുടെ വിദ്യാലയത്തിലെ 4 കുട്ടികൾ പങ്കെടുക്കുകയും അവർക്ക് മലയാള മനോരമയുടെ ഉപഹാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.
- 2017-18 അധ്യയന വർഷം 2 വിദ്യാർത്ഥിനികൾ രാജ്യപുരസ്ക്കാർ നേടി എന്നത് അഭിമാനാർഹമാണ്. നമ്മുടെ സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇതിന് വിദ്യാർത്ഥികൾ അർഹരാവുന്നത്.
- മനുഷ്യസ്നേഹം ഊട്ടി ഉറപ്പിക്കുന്നതിന്റെ ഭാഗമായി നന്മ ഫണ്ട് ശേഖരിച്ച് വിതരണം ചെയ്തുവരുന്നു.
- കുട്ടികളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുവാൻ 'അക്ഷയനിധി' പദ്ധതി നടപ്പാക്കി വരുന്നു.
- സ്കൂൾ കലോത്സവത്തിൽ ഉപജില്ല, ജില്ല തലത്തിൽ തുടർച്ചയായി വിവിധ ഇനങ്ങളിൽ വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്.
- പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന പദ്ധതി കണ്ണൂർ കോർപ്പറേഷനുമായി സഹകരിച്ച് നടത്തിവരുന്നു.
- വിദ്യാർത്ഥികളുടെ ക്ലാസ് റൂം പ്രവർത്തനങ്ങളടങ്ങിയ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കാൻ കഴിഞ്ഞിട്ടുണ്ട്.
- യോഗ, കളരി, കരാട്ടേ തുടങ്ങിയവയിൽ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.
- ഇൻസ്പയർ അവാർഡ് നേടാൻ സാധിച്ചിട്ടുണ്ട്.

## അക്കാദമിക് പരിമിതികൾ

- കളിസ്ഥലം ഇല്ലാത്തത് കായിക രംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്.
- സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ലഭിക്കാത്തതുകൊണ്ടുള്ള പ്രയാസങ്ങൾ.
- ജൈവവൈവിധ്യ പാർക്ക് ഒരുക്കാനുള്ള സൗകര്യ കുറവ്
- ഗണിത, ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര ലാബിന്റെ വിപുലീകരണം
- ഭോജനശാല ലഭ്യമാക്കണം
- ഭാഷാ ലാബ് ലഭ്യമാക്കണം
- സ്കൗട്ട്, ഗൈഡ് പരിശീലനത്തിന് യോഗ്യത നേടിയ അധ്യാപകരുടെ അഭാവം.
- മലയാളം എഴുതാനും വായിക്കാനും അറിയാത്ത വിദ്യാർത്ഥികൾ.

- എല്ലാ ക്ലാസ് റൂമും സ്മാർട്ടാക്കൽ
- കൗൺസിലിംഗിന് ഡോക്ടറുടെ സേവനം ആഴ്ചയിൽ ഒരിക്കൽ ലഭ്യമാക്കൽ.
- പുസ്തകഭാരം ലഘൂകരിക്കാൻ പുസ്തകം സൂക്ഷിക്കുന്നതിനുള്ള സൗകര്യം ക്ലാസ് മുറികളിൽ ഏർപ്പെടുത്തൽ.
- പാഠഭാഗങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നല്ല രീതിയിൽ വിദ്യാർത്ഥികളിൽ എത്തിക്കാൻ കഴിയാത്തത്.

## <u>സ്ഥിതിവിവര കണക്ക്</u>

നമ്മുടെ സ്കൂളിൽ ആകെ 856 കുട്ടികളാണ് ഉള്ളത്. ഇവരെ പഠിപ്പിക്കാൻ 37 അധ്യാപകരുണ്ട്. ഒരു ഓഫീസ് അറ്റന്റന്റ് മാത്രമാണ് ഉള്ളത്. 37 അധ്യാപകരിൽ 31 അധ്യാപകർക്ക് മാത്രമെ ശമ്പളം ലഭിക്കുന്നുള്ളൂ.

### <u>ക്ലാസ് തിരിച്ചുള്ള കുട്ടികളുടെ കണക്ക് താഴെ കൊടുക്കുന്നു</u>

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 40 | 34 | 74 |
| II | 44 | 55 | 99 |
| III | 42 | 41 | 83 |
| IV | 42 | 34 | 76 |
| V | 63 | 60 | 123 |
| VI | 102 | 99 | 201 |
| VII | 95 | 105 | 200 |

നമ്മുടെ ഭാഷയായ മലയാളം പ്രധാന ഭാഷയായി എടുത്തുപഠിക്കുന്നവർ 69 ആൺകുട്ടികളും 61 പെൺകുട്ടികളുമാണ്. ഇംഗ്ലീഷ് മീഡിയത്തിൽ 359 ആൺകുട്ടികളും 367 പെൺകുട്ടികളുമുണ്ട്. ഉറുദു പഠിക്കുന്നവർ 58 ഉം അറബി പഠിക്കുന്നവർ 332 ഉം സംസ്കൃതം പഠിക്കുന്നവർ 153 ഉം ആണ്. സന്നദ്ധ സംഘടനയായ സ്കൗട്ടിൽ 39 വിദ്യാർത്ഥികളും ഗൈഡ്സിൽ 81 വിദ്യാർത്ഥിനികളുമുണ്ട്.

## <u>കാഴ്ച്ചപ്പാട്</u>

- നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറണം. മാനവ മോചനത്തിനായുള്ളതായിരിക്കണം. വിദ്യാഭ്യാസം. നല്ല ജീവിത ദർശനവും, സ്വാതന്ത്ര്യബോധവും കുട്ടികൾക്ക് ലഭിച്ചിരിക്കണം.
- എല്ലാ കുട്ടികളുടേയും മാനസിക ശാരീരിക വികസനത്തിന് തുല്യ അവസരങ്ങൾ ലഭിക്കണം. സ്വന്തം കഴിവുകൾ കണ്ടെത്തി പരിമിതികൾ മറികടന്ന് ജീവിത വിജയം കൈവരിക്കണം.
- വിദ്യാലയങ്ങളിലെ പഠനം രസകരവും ആയാസരഹിതവുമായിരിക്കണം.
- ഓരോ ക്ലാസിലും കുട്ടികൾ ആർജ്ജിക്കേണ്ട അറിവും ധാരണയും കഴിവും മൂല്യങ്ങളും കൈവരിച്ചുവേണം പഠനം പൂർത്തിയാക്കാൻ.
- ഓരോ കുട്ടികളിലും ജനാധിപത്യ മൂല്യവും പരിസ്ഥിതിബോധവും വളർത്തുന്നതിന് ഉതകുന്നതായിരിക്കണം വിദ്യാഭ്യാസം.
- സാമൂഹ്യതിന്മകൾക്കെതിരെ പോരാടാൻ കുട്ടികൾക്ക് ധൈര്യവും കഴിവും ഉണ്ടാക്കി കൊടുക്കണം.
- ദേശീയബോധവും മതേതരത്വവും ഉയർത്തിപിടിക്കുന്നതായിരിക്കണം നമ്മുടെ വിദ്യാലയം.
- ലഹരിക്കെതിരെയും, മൊബൈലിന്റെ അമിത ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണം.

## വിഷയം : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| മലയാളഭാഷയിലെ നൈപുണ്യം ചിഹ്നങ്ങൾ തിരിച്ചറിയാൻ | • വ്യത്യസ്ത അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുന്ന കാർഡുകൾ ചേർത്തു വയ്ക്കുക.<br>• പാഠപുസ്കത്തിലെ ചിഹ്നങ്ങൾ കണ്ടെത്തി അടയാളപ്പെടുത്തുന്നു.<br>• ചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ നിർമ്മിക്കുന്നു.<br>• ദിനപത്രങ്ങൾ, പോസ്റ്ററുകൾ, നോട്ടീസുകൾ ഉപയോഗപ്പെടുത്തുന്നു.<br>• ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | I | 1 വർഷം | ക്ലാസ് ടീച്ചർമാർ | ക്ലാസ് ടീച്ചർമാർ SSA |
| കവിതകൾ ആംഗ്യത്തോടെയും താളത്തോടെയും പാടി അവതരിപ്പിക്കുന്നു. | • ടീച്ചർ വ്യത്യസ്ത ചെറുകവിതകൾ കുട്ടികൾക്കു നൽകുന്നു.<br>• ഗ്രൂപ്പുകളായി തിരിച്ച് താളം സ്വയം കുട്ടികൾ കണ്ടെത്തുന്നു.<br>• കവിതകൾ ചൊല്ലി അവതരിപ്പിക്കുന്നു. | I | 1 വർഷം | ക്ലാസ് ടീച്ചർമാർ<br>വിദ്യാ രംഗം ക്ലബ്ബ് | ക്ലാസ് ടീച്ചർമാർ |
| കുട്ടികളുടെ സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുന്നു. | **സംയുക്ത ഡയറി**<br>• സംയുക്തഡയറിയെന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക, എഴുതാൻ സഹായം ഒരിക്കുന്നു. രക്ഷിതാവും കുട്ടിയും ചേർന്ന് വാക്യങ്ങൾ പൂർത്തിയാക്കുന്നു.<br>• സംയുക്ത ഡയറിയിൽ കുട്ടിയെഴുത്ത് കൂടുതലാക്കുന്നു, മെച്ചപ്പെടുത്തുന്നു.<br>• സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ പതിപ്പായി തയ്യാറാക്കുന്നു. | I | ജൂൺ- നവംബർ<br>ഡിസംബർ- മാർച്ച്<br>മാർച്ച് | ക്ലാസ് ടീച്ചർമാർ | ക്ലാസ് ടീച്ചർമാർ PTA |

| | | | | | |
|---|---|---|---|---|---|
| | **രചനോത്സവം**<br>**വായനോത്സവം**<br>• ചിത്രക്കാർഡുകൾ, വായനാക്കാർഡുകൾ തുടങ്ങിയവയുടെ വായന<br>• നിർമ്മാണം<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ, ചിത്ര വായന, അമ്മ പറഞ്ഞ കഥ (ക്ലാസിലവതരണം)<br>• പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു. സ്വതന്ത്രരചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.<br>• രചനോത്സവം തുടങ്ങുന്നു, പത്രവായനയ്ക്ക് അവസരം നൽകൽ, ലഘുകഥകൾ, കവിതകൾ എഴുതാൻ ശ്രമിക്കൽ<br>• കുട്ടികളുടെ രചനകൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു. പുസ്തകമായി പ്രകാശിപ്പിക്കുന്നു. വീട്ടുവായന, കൂട്ടുവായന, അമ്മ വായന, ചങ്ങല വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു. | I | ജൂൺ<br>ജൂലൈ<br>ആഗസ്ത്-സെപ്തംബർ<br>ഒക്ടോബർ-ഡിസംബർ<br>ജനുവരി-മാർച്ച് | ക്ലാസ് ടീച്ചർമാർ | ക്ലാസ് ടീച്ചർമാർ |

## Subject : ENGLISH

| AIMS | ACTIVITIES | CLASS | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|---|
| To develop listening skills | • Action songs, cartoon, conversations (ICT), Identify familiar words | | June-July | | English teachers |
| To develop speaking skills | • Growing sentence, picture reading, self introduction, Assembly activities, Describes orally about pictures and objects using adjectives, Role play | I | July – August | English teachers | |
| To develop reading skills | • Read and write simple words & sentences<br>• Make word chain, sentence chain, prepare reading cards | | September – December | English Club | |
| To develop writing skills | • Prepare reading cards<br>• Write five English words daily<br>• Picture description<br>• Add more lines | I | November – March | | English Teachers |

## വിഷയം : പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പാരിസ്ഥിതിക അവബോധം വളർത്തുക<br>ജലത്തിന്റെ ഉപയോഗം മനസ്സിലാക്കുക. | • ജലത്തിന്റെ വ്യത്യസ്ത ഉപയോഗം പട്ടികപ്പെടുത്തുക. (ജല ഉപയോഗത്തിന്റെ വ്യത്യസ്ത ചിത്രങ്ങൾ നൽകുന്നു.)<br>• സുരക്ഷിത സാഹചര്യത്തിൽ ജലസ്രോതസ്സുകൾ സന്ദർശിക്കുന്നു, ICT ഉപയോഗിച്ച് വീഡിയോ പ്രദർശനം.<br>• മഴസമയത്ത് പ്രകൃതിയിലെ മാറ്റങ്ങൾ നിരീക്ഷണം. | I | 1 വർഷം | ക്ലാസ് ടീച്ചർ | ഇക്കോ ക്ലബ്ബ്<br>ക്ലാസ് ടീച്ചർ |
| ചുറ്റുപാടുമുള്ള ജീവജാലങ്ങളെക്കുറിച്ച് മനസിലാക്കുക. | • പ്രകൃതി നിരീക്ഷണം- ഫീൽഡ് ട്രിപ്പ്<br>• ഓർമ്മയിൽ നിന്ന് അറിയുന്നതും കണ്ടെത്തിയതുമായ ജീവജാലങ്ങളെ പട്ടികപ്പെടുത്തുന്നു. ആൽബം തയ്യാറാക്കുന്നു, ജീവജാലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു, മൃഗശാല സന്ദർശനം. | I | 1 വർഷം | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ<br>സയൻസ് ക്ലബ്ബ് |
| നല്ല ശീലനങ്ങൾ വളർത്തുക | • ആരോഗ്യപ്രവർത്തകരുടെ പരിശീലനക്ലാസ് - കുട്ടികൾക്കും രക്ഷിതാക്കൾക്കും.<br>• ബോധവൽക്കരണം- വീഡിയോ പ്രദർശനം (നല്ല ശീലങ്ങൾ, ഗുഡ് ടച്ച് & ബാഡ് ടച്ച്) | I | ആഗസ്ത്-നവംബർ | ഹെൽത്ത് ക്ലബ്ബ്<br>സ്കൗട്ട് & ഗൈഡ്<br>അധ്യാപകർ | PTA |

## വിഷയം : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിത പഠനം എളുപ്പമാക്കുക.<br><br>വ്യത്യാസങ്ങൾ കണ്ടെത്തുക | • ചതുരം, വൃത്തം, ത്രികോണം തുടങ്ങിയ വ്യത്യസ്ത ആകൃതിയിലുള്ള കാർഡുകൾ മുറിക്കുന്നു. ചായം കൊടുക്കുന്നു.<br>• മൈക്രോസോഫ്റ്റ് ഉപയോഗിച്ച് വരക്കുക, പെയിന്റ് ചെയ്യുക.<br>• ക്ലാസിൽ കാണുന്ന വസ്തുക്കൾ (ഉദാ: ബെഞ്ച്) മുതലായ രൂപങ്ങൾ തിരിച്ചറിയുന്നു.<br>• പ്രകൃതിയിൽ കാണുന്ന ജാമിതീയ രൂപങ്ങൾ നിരീക്ഷിക്കുന്നു. | I | രണ്ട് മാസം<br>ജൂൺ<br>ജൂലൈ | ഗണിത അധ്യാപിക | പി.ടി.എ.<br>ക്ലാസ് ടീച്ചേഴ്സ് |
| 1 മുതൽ 100 വരെ സംഖ്യകളെ കുറിച്ച് അറിവ് നേടുന്നു. | • മഞ്ചാടി, മുത്തുകൾ തുടങ്ങിയവ ഉപയോഗിക്കുന്നു.<br>• സംഖ്യാകാർഡുകൾ ഉപയോഗിക്കുക.<br>• ചെറുതിൽനിന്ന് വലുതിലേക്കും തിരിച്ചും ക്രമീകരിക്കുക.<br>• മിഠായി പെറുക്കൽ, ഏണി-പാമ്പ് തുടങ്ങിയ കളികൾ ഉപയോഗപ്പെടുത്തുക. | I | 1 വർഷം | ഗണിത അധ്യാപിക | പി.ടി.എ<br><br>ക്ലാസ് ടീച്ചർമാർ |
| ശേഖരണ മനോഭാവം<br><br>നാണയവും കറൻസിയും പരിചയപ്പെടൽ | • ഇന്ത്യൻ രൂപ, നാണയങ്ങൾ പ്രദർശിപ്പിക്കുന്നു.<br>• വിദേശ കറൻസികൾ കാണിക്കുന്നു. പേരുകൾ പറയിക്കുന്നു.<br>• കടലാസിൽ കറൻസികൾ രൂപപ്പെടുത്തുന്നു.<br>• നിത്യജീവിതത്തിൽ കൈമാറ്റ വ്യവസ്ഥയുടെ പ്രാധാന്യം പറയുന്നു.<br>• ധനകാര്യ സ്ഥാപനങ്ങൾ സന്ദർശിക്കുന്നു.<br>• ഐ.ടി. സാധ്യത ഉപയോഗപ്പെടുത്തുന്നു.<br>• നാണയശേഖരണ ശീലം ഉണ്ടാക്കുന്നു. | I | രണ്ട് മാസം | ക്ലാസ്സ് ടീച്ചർ | പി.ടി.എ<br><br>ക്ലാസ് ടീച്ചർമാർ |

## വിഷയം : അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അറബിക് ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക. | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക.<br>• ദൃശ്യ കഥകൾ പ്രദർശിപ്പിക്കുക<br>• ലാംഗ്വേജ് ഗെയിംസ് | I | ജൂൺ- മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ്ബ് | അധ്യാപകർ<br>പി.ടി.എ |
| അക്ഷര രൂപവ്യത്യാസം മനസിലാക്കുക. | • അക്ഷര വായന<br>• ക്ലാസ് വായന<br>• ചിത്ര വായന<br>• വീട്ടു വായന<br>• അക്ഷരകാർഡുകൾ ഉപയോഗിച്ച് വിവിധതരം കളികൾ | I | ജൂൺ-മാർച്ച് | | |
| തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ്, എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോട് കൂടി എഴുതാനുള്ള കഴിവ് വളർത്തുക, ലളിതമായ പദങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക. | • ഇ വായന<br>• ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടി എഴുതാൻ പരിശീലിപ്പിക്കുക.<br>• അക്ഷരകാർഡ് നിർമ്മാണം. | I | ജൂൺ-മാർച്ച് | | |

## വിഷയം : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | • പദകാർഡുകൾ അക്ഷരകാർഡുകൾ തുടങ്ങിയവ ഉയോഗിച്ച് പദങ്ങൾ, വാക്യങ്ങൾ നിർമ്മിക്കുന്നു.<br>• ഭാഷാകളരി, കഥ, പാട്ടുകൾ എന്നിവ സംഘമായി അവതരിപ്പിച്ച് കുട്ടികൂട്ടങ്ങൾ സംഘടിപ്പിക്കുന്നു. | | | | |
| നിത്യേനയുള്ള പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ഡയറിക്കുറിപ്പ് തയ്യാറാക്കുന്നു. | • ദിവസവും നടക്കുന്ന പ്രധാന കാര്യങ്ങൾ ക്ലാസിൽ ചർച്ച നടത്തുക. അവ വാക്യങ്ങളിൽ എഴുതുന്നു.<br>• സംഭവങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരച്ചു ചേർക്കുന്നു. | II | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | |
| എല്ലാ കുട്ടികളും മലയാള കവിതകൾ ഈണത്തിൽ ചൊല്ലി അവതരിപ്പിക്കൽ | • വിവിധ കവിതകളുടെ വ്യത്യസ്ത ഈണത്തിലുള്ള ഓഡിയോ കേൾപ്പിക്കുന്നു.<br>• ഒറ്റയ്ക്കും സംഘമായും കവിത അവതരിപ്പിക്കുന്നു.<br>• വിദ്യാരംഗത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു. | | | | |

## വിഷയം : ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം ഉണ്ടാക്കുന്നു.<br><br>ഇംഗ്ലീഷ് ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ<br>ഇംഗ്ലീഷ് വാക്കുകൾ വാക്യങ്ങൾ എഴുതുവാനും വായിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ<br><br>കൈയ്യെഴുത്ത് വൃത്തിയുള്ളതാക്കൽ | • ഇംഗ്ലീഷ് കാർട്ടൂണുകൾ, സിനിമകൾ എന്നിവ പ്രദർശിപ്പിക്കുന്നു. ഇംഗ്ലീഷ് ന്യൂസ്, സ്പീച്ച് തുടങ്ങിയവയുടെ ഓഡിയോ കേൾപ്പിക്കുന്നു.<br>• ഇംഗ്ലീഷ് വാക്കുകൾ അവയുടെ ചിത്രങ്ങൾ വരച്ച് യോജിപ്പിക്കുന്നു.<br>• അക്ഷരകാർഡ് ഉപയോഗിച്ച് പദനിർമ്മാണം, വായന, ലളിതമായ കഥകൾ, കവിതകൾ വായിക്കുന്നു.<br>• പദങ്ങൾ കൂട്ടിച്ചേർത്ത് വാക്യങ്ങൾ നിർമ്മിക്കുന്നു.<br>• ഇംഗ്ലീഷ് കോപ്പി എഴുതൽ | II | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | |

## വിഷയം : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എണ്ണൽ സംഖ്യകളെ പരിചയ പ്പെടൽ<br>1 മുതൽ 200 വരെ | • ഒന്ന് മുതൽ 200 വരെയുള്ള എണ്ണൽ സംഖ്യകൾ പറയിപ്പിക്കുന്നു.<br>• നോട്ട് ബുക്കിൽ നമ്പർ കുറിക്കുന്നു.<br>• നമ്പർ ചാർട്ട് എഴുതിക്കുന്നു. വായിപ്പിക്കു ന്നു. തെറ്റായത് തിരുത്തുന്നു. | II | 6 മാസം | ഗണിത അധ്യാപകർ | |
| രണ്ടക്ക സംഖ്യകളുടെ<br>സങ്കലനം<br>വ്യവകലനം | • കുട്ടികൾ കമ്പുകൾ, കല്ലുകൾ, മഞ്ചാടി എന്നിവ ഉപയോഗപ്പെടുത്തുന്നു.<br>• പത്തിന്റെ കൂട്ടങ്ങളാക്കുന്നു.<br>• ബാക്കി വരുന്നവ തിട്ടപ്പെടുത്തുന്നു.<br>• എത്ര പത്തിന്റെ കൂട്ടങ്ങളാണെന്ന് കണ്ടെ ത്തുന്നു. | II | 1 വർഷം | ഗണിത അധ്യാപകർ | |
| പ്രായോഗിക ഗണിത പ്രശ്ന ങ്ങൾ പരിഹരിക്കുന്നു.<br><br>വ്യത്യസ്ത രീതിയിൽ പ്രയോജ നപ്പെടുത്തുന്നു. | • ▭ ◯ △ എന്നീ രൂപത്തിലുള്ള അടു ക്കള ഉപകരണങ്ങൾ കണ്ടെത്തി പട്ടികപ്പെടു ത്തുന്നു.<br>• ഈ രൂപങ്ങൾ ഉപയോഗിച്ച് സ്വന്തമായി രൂപങ്ങൾ ഉണ്ടാക്കൽ | II | ജൂൺ | ഗണിത അധ്യാപകർ | |

## വിഷയം : പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | • പോസ്റ്റർ രചന<br>• ശുചിത്വ ക്ലാസ്<br>• ICT | II | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ<br>SRG | |
| പ്രകൃതിയെ അറിയാൻ | • പ്രകൃതി നടത്തം | II | സെപ്തംബർ<br>ഡിസംബർ | ടീച്ചർമാർ<br>SRG | |
| നാടറിയാൻ<br>നാട്ടറിവുകൾ | • കർഷകരുമായി അഭിമുഖം<br>• നമുക്കും കർഷകരാവാം | II | ജനുവരി | SRG<br>നാട്ടുകാർ | സ്കൂൾ |
| പൊതുസ്ഥാപനങ്ങൾ പ്രാധാന്യം മനസ്സിലാക്കുക | • പൊതുസ്ഥാപനങ്ങൾ, സേവനങ്ങൾ പട്ടികപ്പെടുത്തുന്നു.<br>• പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുക | II | ക്ലാസ്<br>അധ്യാപകർ | | |

## വിഷയം : അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം വളർത്തിയെടുക്കുക. | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക.<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക.<br>• സ്കിറ്റുകളുടെ അവതരണം | II | ജൂൺ- മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ പി.ടി.എ |
| ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക. | • ലൈബ്രറി വായന<br>• ചിത്രകഥ വായന<br>• വീട്ടുവായന<br>• ക്ലാസ് വായന<br>• വായന മത്സരങ്ങൾ<br>• ഇ വായന | II | ജൂൺ-മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ പി.ടി.എ |
| സ്വതന്ത്ര്യമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക.<br>ചെറുവാക്യങ്ങൾ എഴുതാനുള്ള കഴിവുകൾ വളർത്തിയെടുക്കുക | • വിശേഷ ദിവസങ്ങളിൽ വായന മത്സരങ്ങൾ നടത്തുക.<br>• ഇ വായന | II | ജൂൺ-മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ പി.ടി.എ |

## Subject : ENGLISH

| AIMS | ACTIVITIES | CLASS | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|---|
| To study Alphabets | • Writing simple words | III | June & July | Teachers Students | PTA |
| To study read and write | • To find the unfamiliar word<br>• Conduct simple vocabulary games<br>• Picture reading<br>• Story developing<br>• Write caption<br>• Prepare news bulletting | III | Throughout year<br>September<br>August in a month<br>Throughout year | Teachers Students<br>Students<br>Teachers Students | |
| Create more opportunities for English speaking in the class room. | • Class room communication should be in English<br>• Role play<br>• Drama<br>• Skit<br>• Conducting English Assembly | III | In a month | Teachers Students<br>HM SRG Teachers Students | Teachers |

## വിഷയം : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിതം മധുരം<br><br>ജ്യാമിതീയ സൗന്ദര്യം തിരിച്ച റിയാം | • ഒറിഗാമി, ട്രാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ | III | ജൂൺ<br>ജൂലായ് | ഗണിത<br>അധ്യാപകർ | PTA |
| ചതുരം, ത്രികോണം, വൃത്തം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | • ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | III | ജൂലായ് | ഗണിത<br>അധ്യാപകൻ<br>CPTA | - |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | • സംഖ്യാ പാറ്റേണുകൾ<br>• നാണയങ്ങൾ<br>• കളി നോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ്) | III | ആഗസ്റ്റ് | അധ്യാപകർ<br>കുട്ടികൾ | PTA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ<br>(ചതുഷ്ക്രിയകൾ) | • മാന്ത്രിക ചതുരം<br>• ഏണിയും പാമ്പും<br>• ഡൈസ് കളി | III | സെപ്തംബർ<br>- മാർച്ച് | അധ്യാപകർ<br>CPTA | അധ്യാപക<br>വിഹിതം |

## വിഷയം : പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. | • പ്രകൃതി നടത്തം | III | ജൂൺ<br>ജൂലൈ | അധ്യാപകർ | |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനയ്ക്ക് കൈമാറൽ | III | ആഗസ്ത്<br>സെപ്തംബർ | അധ്യാപകർ<br>പി.ടി.എ<br>ഹരിത കർമ്മ സേന | പി.ടി.എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ പരിശീലനം<br>• പോസ്റ്റർ നിർമ്മാണം<br>• ശുചിത്വ സന്ദേശങ്ങൾ<br>• വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | III | സെപ്തംബർ<br>ഒക്ടോബർ | സ്കൗട്ട്<br>ഗൈഡ്<br>ബുൾബുൾ<br>അധ്യാപകർ | പി.ടി.എ |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | • ശാസ്ത്ര പ്രതിഭകളെ അടുത്തറിയൽ<br>• പരീക്ഷണം വീടിനകത്തും സ്കൂളിലും<br>• ശാസ്ത്ര മാസികകൾ | III | നവംബർ – മാർച്ച് | അധ്യാപകർ<br>പി.ടി.എ | പി.ടി.എ<br>അധ്യാപകർ |

## വിഷയം : അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ലളിതമായ രീതിയിൽ അറബിയിൽ ആശയ വിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക. | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക.<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക.<br>• സ്കിറ്റുകളുടെ അവതരണം | III | ജൂൺ- മാർച്ച് | അധ്യാപകർ<br>അറബിക്<br>ക്ലബ്ബ് | അധ്യാപകർ<br>പി.ടി.എ |
| സ്വതന്ത്രമായ വായനക്ക് പ്രാപ്തരാക്കൽ<br><br>വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക. | • ചിത്രകഥ വായന<br>• വീട്ടുവായന ക്ലാസ്<br>• വായന<br>• വായന മത്സരങ്ങൾ<br>• ഇ വായന | III | ജൂൺ-മാർച്ച് | അധ്യാപകർ<br>അറബിക്<br>ക്ലബ്ബ് | അധ്യാപകർ<br>പി.ടി.എ |
| ‘‘ഒരു ദിനം ഒരു അറിവ്’’ പദ്ധതി | • വാട്സാപ്പ് ഗ്രൂപ്പിലൂടെ സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ ചോദ്യവും ഉത്തരവും നൽകുന്നു. | III | ജൂൺ-മാർച്ച് | അധ്യാപകർ<br>അറബിക്<br>ക്ലബ്ബ് | അധ്യാപകർ<br>പി.ടി.എ |

## വിഷയം : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>○ അക്ഷര കാർഡ്<br>○ വായന കാർഡ്<br>○ അക്ഷരം തെളിച്ചം (TB) | III, IV | ജൂൺ-ഒക്ടോബർ | SRG, ക്ലാസ് ടീച്ചർ, CPTA | പി.ടി.എ |
| വായനാശേഷി വളർത്തൽ | • വായിക്കാം, വളരാം<br>○ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>○ വായനക്കുറിപ്പ് തയ്യാറാക്കൽ<br>○ പുസ്തക പരിചയം | III, IV | ജൂൺ-ഫെബ്രുവരി | SRG, മലയാളം അധ്യാപിക, CPTA | |
| വിവിധ ഭാഷാ വ്യവഹാര ങ്ങൾ, രചന നടത്താനും, ആസ്വദിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • പാഠഭാഗങ്ങളുമായും, ദിനാചരണങ്ങളുമായും ബന്ധപ്പെട്ട്<br>○ ഡയറി<br>○ കത്ത്<br>○ വിശകലനം<br>○ കഥ<br>○ കവിത | III, IV | ജൂൺ-ഫെബ്രുവരി | മലയാളം അധ്യാപിക, CPTA | |
| ഭാഷാപഠനത്തിന്റെ ഭാഗ മായി നേടിയ ശേഷികൾ ആത്മവിശാവസത്തോടെ പ്രകടിപ്പിക്കൽ | • ബാലസഭ<br>• ക്ലാസ് പി.ടി.എ<br>• സർഗ്ഗവേള<br>• സ്കൂൾ കലാമേള | III, IV | ജൂൺ-ഫെബ്രുവരി | മലയാളം അധ്യാപിക, CPTA | |
| സാഹിത്യകാരന്മാരെ അടു ത്തറിയൽ | • ഓർക്കാം..അഭിമാനിക്കാം<br>○ മലയാള സാഹിത്യത്തിലുള്ള പഴയതും പുതി യതുമായ സാഹിത്യകാരന്മാരെ അടുത്തറിയൽ<br>○ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>○ പുസ്തക പരിചയം, പതിപ്പ് തയ്യാറാക്കൽ | III, IV | ജൂൺ-ഫെബ്രുവരി | SRG, ക്ലാസ് ടീച്ചർ, CPTA | |

## വിഷയം : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിതം ലളിതം<br><br>ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. നിർമിക്കുന്നു. | • പേപ്പർ, ഈർക്കിലുകൾ, കമ്പുകൾ എന്നിവ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമിക്കുന്നു. പ്രദർശിപ്പിക്കുന്നു. | IV | ജൂൺ<br>ജൂലായ് | ഗണിത<br>അധ്യാപകർ | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു. | • ചതുഷ്ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ<br>○ ഏണിയും പാമ്പും<br>○ സംഖ്യാചക്രം<br>○ ഡൈസ് | IV | ജൂൺ മുതൽ<br>ജനുവരി<br>വരെ | | - |
| ഗണിതത്തെ നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുക. | • ക്ലാസ് റൂമിൽ കച്ചവട സാധനങ്ങൾ സെറ്റ് ചെയ്ത് (കളിപ്പാട്ടങ്ങൾ, പച്ചക്കറികൾ) എന്നിവ ഉപയോഗിച്ച് കച്ചവടം | IV | സെപ്തംബർ<br>ഒക്ടോബർ | CPTA,<br>അധ്യാപകർ | |
| സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.<br><br>10000 വരെയുള്ള സംഖ്യാ വ്യാഖ്യാനം | • സംഖ്യാ പാറ്റേണുകൾ നിർമിക്കുന്നു.<br>○ കളിനോട്ടുകൾ ഉപയോഗിച്ച് കളികൾ<br>○ ഗണിതപ്പെട്ടി ഒരുക്കി അതിൽ സംഖ്യാകാർഡുകൾ, പട്ടികകൾ എന്നിവ ഉപയോഗിച്ച് കളികൾ<br><br>• സംഖ്യാകാർഡ് ഉപയോഗിച്ച് സംഖ്യകളെ വ്യാഖ്യാനിക്കുന്നു. | IV | ജൂൺ മുതൽ<br>മാർച്ച് വരെ<br><br>ജൂലായ്<br>മുതൽ<br>നവംബർ<br>വരെ | ഗണിത<br>അധ്യാപകർ,<br>CPTA | |

## Subject : ENGLISH

| AIMS | ACTIVITIES | CLASS | DURATION | CHARGE | FINANCE |
|---|---|---|---|---|---|
| To improve their skill to read, write and speak English effectively | • Daily diary writing<br>• Practicing, editing<br>• Discussing about current affairs and tell them to write about it | IV | All days<br>All days<br>On week days | Class Teacher | |
| English Theatre. Performing any discourse without any fear | • Presenting the text book content into discourses like skit, conversation, story telling etc. | IV | Once in a month | Class teacher | |
| English Fest:<br>Making confidence for using language | • Conducting programmes | IV | Once in a year | Class teacher, English Club Convenor | P.T.A |

## വിഷയം : പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| നിരീക്ഷണം – അറിവ് നിർമ്മാണം | • പ്രകൃതി നടത്തം<br>• പാഠവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് | IV | ആവശ്യാനു സരണം | അധ്യാപകർ | അധ്യാപകർ |
| ശാസ്ത്രപഠനം ലളിതവും രസക രവുമാക്കൽ | • ശാസ്ത്രമൂല<br>• ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമ ഗ്രികൾ ഒരുക്കൽ<br>• പരീക്ഷണം സംഘടിപ്പിക്കൽ | IV | ഒരു വർഷം മുഴുവൻ | • HM<br>• SRG<br>• ക്ലാസ് ടീച്ചർ<br>• പി.ടി.എ | പി.ടി.എ |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>അന്വേഷണ ത്വര വളർത്തൽ | • ശാസ്ത്ര യാത്ര<br>• വാന നിരീക്ഷണ കേന്ദ്രം<br>• സയൻസ് പാർക്ക്<br>• ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>• ഫോക്‌ലോർ അക്കാദമി സന്ദർശിക്കൽ | IV | ആവശ്യാനു സരണം, | • HM<br>• SRG<br>• ക്ലാസ് ടീച്ചർ<br>• പി.ടി.എ | പി.ടി.എ<br>അധ്യാപകർ |
| ഭൂപടവായന, ഭൂപട രചന, സൂചിക, പരിചയപ്പെടൽ , സൂചിക നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ | • ഭൂപടമൊരുക്കാം<br>• കേരളം, ഇന്ത്യ ഭൂപടവായന | IV | വർഷത്തി ലൊരിക്കൽ | • ക്ലാസ് ടീച്ചർ | അധ്യാപകർ |
| അറിവുകളുടെ രചന | • ശാസ്ത്രമാസിക<br>• ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | IV | വർഷത്തി ലൊരിക്കൽ | • HM<br>• SRG<br>• അധ്യാപകർ | പി.ടി.എ |
| ശാസ്ത്രപഠനം രസകരമാക്കാൻ | • ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ പ്രദർശിപ്പി ക്കൽ | IV | ആവശ്യാനു സരണം | • HM<br>• SRG<br>• അധ്യാപകർ | |

## വിഷയം : അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| നിത്യജീവിതത്തിൽ അറബിയിൽ ആശയവിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുക. | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക.<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• പ്രസംഗ മത്സരം<br>• അറബിക് അസംബ്ലി | IV | ജൂൺ– മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ പി.ടി.എ |
| സ്വതന്ത്രമായ വായനക്ക് ശേഷി ശക്തിപ്പെടുത്തുക<br><br>കുട്ടികളുടെ വായന താല്പര്യം ജനിപ്പിക്കുകയും അതിലൂടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുക. | • ലൈബ്രറി വായന<br>• ചിത്രകഥ വായന<br>• വീട്ടുവായന<br>• ക്ലാസ് വായന<br>• വായന മത്സരങ്ങൾ<br>• ഇ വായന | IV | ജൂൺ-മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ പി.ടി.എ |
| "A WORD IN DIFFERENT LANGUAGES" PROJECT | • അലീസ് അറബിക് ക്ലബ് നോട്ടീസ് ബോർഡിൽ ഒരു വസ്തുവിന്റെ പേര് അറബിക്, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ പ്രദർശിപ്പിക്കുന്നു. | IV | ജൂലായ്-മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ പി.ടി.എ |

## വിഷയം : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • കുട്ടികൾ അവധിക്കാല അനുഭവങ്ങൾ, കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് എന്നീ വ്യവഹാരരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br>• അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡു കളുപയോഗിച്ച് പദങ്ങളും, പദങ്ങളുപയോഗിച്ച് വാക്യങ്ങളും നിർമ്മിക്കുക. | V, VI, VII | ജൂൺ | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| കുട്ടികളിൽ വായന ഉറപ്പ് വരു ത്തുക. | • പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ വായിക്കുകയും, വായിച്ച കാര്യങ്ങൾ നല്ല ഒഴു ക്കോടെ പറയാനുള്ള ശേഷി വളർത്തുക. | V, VI, VII | അക്കാദമിക വർഷാവ സാനം വരെ | മലയാളം അധ്യാപകർ, രക്ഷിതാക്കൾ | പി.ടി.എ |
| പഠിതാക്കളുടെ കലാവാസന കളെ പരിപോഷിപ്പിക്കൽ | • പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ലഘു നാടകങ്ങൾ, ചൊൽക്കാഴ്ചകൾ വാങ്മയ ചിത്ര ങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>• പ്രശസ്തരായ തെയ്യം കലാകാരൻമാരെയും, നാടക കലാകാരന്മാർ തുടങ്ങിയവരെ പങ്കെടു പ്പിച്ച് കൊണ്ട് ശില്പശാല സംഘടിപ്പിക്കുക. | V, VI, VII | അക്കാദമിക് വർഷം | മലയാളം അധ്യാപകർ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| വ്യത്യസ്ത രചനകൾ ചേർത്ത് കൈയെഴുത്തു മാസിക, ചുമർ പത്രിക, ലഘുപത്രിക എന്നിവ തയ്യാറാക്കുന്നതിനും, മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും | • കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ ആസ്വാദ നക്കുറിപ്പ് തയ്യാറാക്കുകയും, കഥ, കവിത, സ്വന്തമായ രചന, ഉപന്യാസ രചന, ജീവചരിത്ര ക്കുറിപ്പ് ഇതെല്ലാം ഉൾപ്പെടുത്തി കൊണ്ടുള്ള കൈപുസ്തകം തയ്യാറാക്കൽ<br>• മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീക രിക്കുകയും ചെയ്യുന്നു. | V, VI, VII | വർഷാവ സാനം | മലയാളം, IT അധ്യാപകർ | മലയാളം ക്ലബ്ബ് |
| കുട്ടികളുടെ ആകാശവാണി | • വിശേഷ ദിനങ്ങളും, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. കലാ-കായിക മത്സരങ്ങളിൽ മികവ് തെളിയിച്ച കുട്ടികളുമായുള്ള അഭിമുഖം | V, VI, VII | തുടക്ക ത്തിൽ ആഴ്ചയിൽ ഒന്ന് പിന്നെ എല്ലാ ദിവ സവും | സ്കൂൾ ലീഡർ, മല യാളം അധ്യാപ കർ | വിവിധ ക്ലബ്ബുകൾ<br>പി.ടി.എ |

## Subject : ENGLISH

| AIMS | ACTIVITIES | CLASS | DURATION | RESPONSIBILITY | FINANCIAL ASSISTANCE |
|---|---|---|---|---|---|
| Develop maximum vocabulary | • Supply of books according to the taste of children | V, VI, VII | Long term | English Club and teachers | PTA |
| | • World maps/ Vocabulary Chart | V, VI, VII | Long term | English Club | |
| | • Creative writing | V, VI, VII | Whole year | English Club and teachers | |
| | • Dictionary word writing | VI, VII | Daily | English teachers and students | |
| Create English atmosphere in class room as well as at school | • English assembly | VII | Once in a month | H.M English Subject Council convenor | |
| | • Announcement | VII | The Whole year | English Teachers | |
| | • Conduct awareness programme on importance of English | V, VI, VII | Within a year | English Club and Teachers | |

| | | | | | |
|---|---|---|---|---|---|
| Develop the creativity of all children in thinking and writing. | • English Magazine | VI<br>VII | Six months | English Teachers | Well wishers<br>PTA |
| | • Competition on poem, speech, story telling. | VI<br>VII | | English Club and English Teachers | PTA |
| | • Stage Performance | V, VI, VII | Once in a month | Teachers | PTA |
| | • Riddle time | V, VI | Once in a month | Teachers | PTA |
| | • Pattern or Logic puzzle drawing | V, VI, VII | Once in a month | Teachers | PTA |
| Make all able to read and write English language spontaneously | • Pre-test | V, VI, VII | June 1st Week | All English teachers | |
| | • Develop material | V, VI, VII | One year | English Teachers | PTA |
| | • Language Games | V, VI, VII | Whole year | Teachers and Club | |
| | • Diary writing | V, VI, VII | Daily | Teachers | |

## വിഷയം : ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ദൈനംദിന ജീവിതത്തിൽ ഹിന്ദി കേട്ട് മനസിലാക്കുന്ന തിനും, സംസാരിക്കുന്ന തിനും ഉള്ള കഴിവ് നേടുന്നു. | • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>• അക്ഷരം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ എഴുതി ചിത്രകാർഡുകൾ നൽകി വായിപ്പിക്കൽ | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ | |
| 5, 6, 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പി ച്ചെടുക്കുക. | • വാക്കുകൾ കൊണ്ട് വാക്യങ്ങൾ നിമ്മിക്കൽ (ചിത്രം, ICT മുതലായവ ഉപയോഗിച്ച്)<br>• കോപ്പി എഴുത്ത്, നോക്കി എഴുത്ത്, ചുമർ പത്രി ക, പോസ്റ്റർ തയ്യാറാക്കുക, പുസ്തകങ്ങൾ മുത ലായവ വായിപ്പിക്കുക | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള കഴിവ് നേടുന്നു. | • പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കുക.<br>• ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, ICT യിൽ കവിത കൾ കാണിക്കൽ എന്നിവ<br>• നിരന്തരം പുസ്തകം വായിച്ച് വായനയിലേക്ക് ആകർഷിക്കുന്നു. മറ്റ് ഹിന്ദി ചിത്രകഥകൾ താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കുക.<br>• ഹിന്ദി തെറ്റിച്ച് അധ്യാപകർ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കുക. | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| മത്സര വായന | • തെറ്റാതെ, ആവർത്തിക്കാതെ, പാസ്സില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു.<br>• വായനാ മത്സരം നടത്തുക, ഹിന്ദി ക്ലബ്ബ് ശുചീകരണം, വായനാ സാമഗ്രികൾ ലഭ്യമാക്കുക, ഹിന്ദി നിഘണ്ടു തയ്യാറാക്കുക.<br>• കേട്ടെഴുത്ത് ക്ലാസിൽ പ്രോത്സാഹിപ്പിക്കുക<br>• ഹിന്ദി കവിതകളുടെ ഓഡിയോ കേൾക്കാനുള്ള അവസരം<br>• ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക<br>• ഹിന്ദി പഠിക്കുന്നതിന് കൂടുതൽ സഹയം കണ്ടെത്തുക. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മെച്ചപ്പെടാനുള്ള കൂടുതൽ പ്രവർത്തനങ്ങൾ ക്ലാസിൽ കൊടുക്കുന്നു.<br>• ICT ഉപയോഗിച്ച് സുരീലി കവിതകൾ കേൾക്കാനും, പാടാനും അവസരം നൽകുന്നു.<br>• ഹിന്ദി മാസിക ക്ലാസിൽ തയ്യാറാക്കുന്നു. | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനുള്ള അവസരം | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (സെപ്തംബർ 14, ജനുവരി 10)<br>• അധിക വായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം അടിക്കുറിപ്പ് തയ്യാറാക്കൽ | V, VI, VII | സെപ്തംബർ മുതൽ ജനുവരി വരെ | ഹിന്ദി അധ്യാപകർ | |
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വർധിപ്പിക്കൽ | • ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | V, VI, VII | പ്രതിദിനം | ഹിന്ദി അധ്യാപകർ | |

## വിഷയം : അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അറബി ഭാഷാപഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരുപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും ഉണ്ടാകുന്ന വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുക. | കൈത്താങ്ങ്<br>ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരം തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി കാർഡുകൾ നൽകുന്നു. | V, VI, VII | 3 മാസം | അറബിക് അധ്യാപകർ | അറബിക് അധ്യാപകർ |
| അറബിഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക. | • യൂണിറ്റ് തല നിഘണ്ടു നിർമ്മാണം<br>• ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു. | V, VI, VII | 6 മാസം | അറബിക് അധ്യാപകർ | അറബിക് അധ്യാപകർ |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | • സ്കൂൾ റേഡിയോ<br>• കഥ, പ്രസംഗം, ഗാനം, വാർത്തകൾ അവതരിപ്പിക്കുന്നു. | V, VI, VII | ഒരു വർഷം | അറബിക് അധ്യാപകർ | അറബിക് അധ്യാപകർ |
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക.<br>പദസമ്പത്ത് അധികരിപ്പിക്കുക. | • പുതിയ പദം പരിചയപ്പെടൽ<br>• ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ കഥാ കവിതാ പുസ്തുകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുന്നു. | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപകർ | അറബിക് അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക. | • ചിത്രങ്ങൾ, ലഘുകവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം, കുറിപ്പുകൾ, വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപകർ | അറബിക് അധ്യാപകർ |
| ഓരോ മാസവും കുട്ടികൾ വായന തൽപരരാവുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. | • മാസത്തിൽ ഒരിക്കൽ വായനാ മത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപകർ | അറബിക് അധ്യാപകർ |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക. | **<u>വായന വസന്തം</u>**<br>• വായന മത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വാട്ട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>• വായന കുറിപ്പുകൾ<br>• അറബിക് പത്രവായന | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപകർ | അറബിക് ക്ലബ്ബ് |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | **<u>എഴുത്തുത്സവം</u>**<br>• എഴുത്തുകൂട്ടം<br>• പതിപ്പുകളുടെ നിർമ്മാണം<br>• ചുമർ പത്രങ്ങൾ<br>• പോസ്റ്ററുകൾ | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപകർ | അറബിക് ക്ലബ്ബ് |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടങ്ങളിലൂടെ ഉറപ്പ് വരുത്തുക. | **<u>അറബിക് കമ്മ്യൂണിക്കേഷൻ</u>**<br>ആശയ വിനിമയ വേദി<br>ക്ലാസ് തലം, സ്കൂൾ തലം<br>അറബിക് മേള (മോണോ ആക്ട്, പ്രസംഗം, സംഭാഷണം) | V, VI, VII | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപകർ | അറബിക് അധ്യാപകർ |

## വിഷയം : ഉറുദു

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വായന<br>സുരീലി ആവാസ്<br>5, 6, 7 ക്ലാസ് ഉറുദു പഠിക്കുന്ന കുട്ടികൾക്ക് ഭാഷ കൈകാര്യം ചെയ്യാനായി വായനശേഷി കൈവരിക്കൽ | ലോകോത്തര ഭാഷയായ ഉറുദുവിൽ വായന ശേഷി കൈവരിക്കുന്നതിനായി വിവിധ സാമഗ്രി കളുടേയും ഭാഷാ കേളികളുടേയും സഹായ ത്തോടെ വായന മെച്ചപ്പെടുത്തൽ | V, VI, VII | 2025 ജൂൺ മുതൽ മാർച്ച് 2026 വരെ | ഉറുദു അധ്യാപിക | |
| മേ ഭീ ലിഖൂം<br>എഴുത്ത്<br>ഉറുദു ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന് | • കൈയ്യെഴുത്ത് മത്സരം<br>• മാഗസിൻ നിർമ്മാണം<br>• പദകേളിയുടെ വാക്യ നിർമ്മാണം<br>• മുന്നറിവ് പരിശോധന നടത്തുന്നു.<br>• വാക്യങ്ങളിലൂടെ പദങ്ങളിലേക്കും പദങ്ങളി ലൂടെ അക്ഷരങ്ങളിലേക്കും അക്ഷരങ്ങളി ലൂടെ ഘടന മനസ്സിലാക്കി എഴുതാനുള്ള കഴിവ് മെച്ചപ്പെടുത്താനുള്ള പ്രവർത്തനം. | V, VI, VII | 2025 ജൂൺ മുതൽ മാർച്ച് 2026 വരെ | ഉറുദു അധ്യാപിക | |
| സർഗാത്മകത<br>മേരി ആവാസ് സുനോ<br>ശാരീരികവും മാനസികവുമായ ഉല്ലാസത്തിനും അക്കാദമിക നേട്ട ങ്ങൾ കൈവരിക്കുക, മത്സരങ്ങ ളിൽ അവസരം ലഭിക്കുക, പ്രതിഭ കളെ വാർത്തെടുക്കു, പാടാനും എഴുതാനും, വരക്കാനും മത്സര ങ്ങളിൽ ഏർപ്പെടുത്താനുമുള്ള അവസരങ്ങൾ വാർത്തെടുക്കുക. | പാട്ടുകളുടോ വീഡിയോ പ്രദർശനം.<br>കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ആഴ്ചയിൽ എല്ലാ വ്യാഴാഴ്ചയും മത്സരങ്ങൾ കുട്ടികൾക്ക് ആസ്വദിക്കുവാനും ശ്രവിക്കാനും അവസരം.<br><br>ചിത്രരചന<br>പദനിർമ്മാണം, കൈയ്യെഴുത്ത്, കവി പരിചയം, പദകേളി, റോൾപ്ലേ പോസ്റ്റർ, കവിതാലാപനം, ഗസൽ ആലാപനം ദിനാചരണങ്ങളുടെ പേര് ഉറുദുവിൽ മനസിലാക്കുക. | V, VI, VII | 2025 ജൂൺ മുതൽ മാർച്ച് 2026 വരെ | ഉറുദു അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| മേരെ അൽഫാസ്<br>ഉറുദു കയ്യെഴുത്ത് മാഗസിൻ<br>ഭാഷാശേഷി വളർത്തുന്നതിനുത കുന്ന പരിപാടികൾ സംഘടിപ്പി ക്കൽ<br>ദിനാചരണങ്ങളിലൂടെ | • ടാലന്റ് മീറ്റ്<br>• അക്ഷരമരം<br>• ഉറുദു ദിനം<br>• ദിനാചരണം | V, VI, VII | 2025 ജൂൺ മുതൽ മാർച്ച് 2026 വരെ | ഉറുദു അധ്യാപിക | |
| പൊതുവായനയും ഉറുദുവിൽ ഉള്ളതുമായ പൊതുവിജ്ഞാനം വളർത്തുക. | • ടാലന്റ് മീറ്റ് | V, VI, VII | 2025 ജൂൺ മുതൽ മാർച്ച് 2026 വരെ | ഉറുദു അധ്യാപിക | |

## വിഷയം : സംസ്കൃതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ | V, VI, VII | ജൂൺ- ഓഗസ്റ്റ് | സംസ്കൃതം അധ്യാപിക | |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതം ഭാഷാ പഠന നേട്ടങ്ങൾ | • ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• പഠനയാത്ര | V, VI, VII | ജൂൺ- മാർച്ച് | സംസ്കൃതം അധ്യാപിക | |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നുവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു. | V, VI, VII | ജൂൺ-മാർച്ച് | സംസ്കൃതം അധ്യാപിക | |
| ആസ്വാദനലോകം<br>ഓരോ കുട്ടിയുടെയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • ലഘുകഥ, കവിത, ഉപന്യാസം, സുഭാഷിതങ്ങൾ എന്നിവ പരിചയപ്പെടുത്തുകയും<br>• രചനാ ശില്പശാലകൾ നടത്തുകയും ചെയ്യുക.<br>• ഒഴിവു സമയങ്ങളിൽ പ്രത്യേകം ക്ലാസ് എന്നിവ | V, VI, VII | ജൂൺ-മാർച്ച് | സംസ്കൃതം അധ്യാപിക | |

## വിഷയം : അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള താൽപര്യം വളർത്തുന്നതിനും പ്രകൃതിയെ പാഠപുസ്തകമാക്കുന്നതിനുമുള്ള മനോഭാവം വളർത്തുന്നു.<br><br>ശാസ്ത്രീയ വസ്തുതകളും ആശയങ്ങളും കുട്ടികളിൽ സ്വാഭാവികമായി വികസിപ്പിക്കുന്നു. | • കരിമ്പം ഫാം സന്ദർശനം<br>• വയൽ സന്ദർശനം | V, VI, VII | ജൂൺ- ജൂലായ് | അധ്യാപകർ സ്കൂൾ ഭാര വാഹികൾ | |
| രാസവസ്തുക്കളും ഉപകരണങ്ങളും ശ്രദ്ധയോടെയും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യാനുള്ള മനോഭാവം വളർത്തുന്നതിന് | • സോപ്പ് നിർമ്മാണം<br>• പ്രകൃതിദത്ത സൂചക നിർമ്മാണം<br>• ജലചക്ര നിർമ്മാണം | V | ജൂലായ് - സെപ്തംബർ | രക്ഷിതാക്കളും അധ്യാപകരും | |
| ചോദ്യങ്ങൾ ഉന്നയിക്കൽ, യുക്തി ഉപയോഗിച്ചുള്ള പ്രശ്ന പരിഹാരം, നിർമ്മിച്ച അറിവുകളെ പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കുവാൻ തയ്യാറാക്കൽ എന്നിങ്ങനെയുള്ള കഴിവുകളും ശീലങ്ങളും കുട്ടികളിൽ വളർത്തുക. | • ദന്തഡോക്ടറുമായി അഭിമുഖം<br>• ആരോഗ്യവിദഗ്ധനുമായുള്ള അഭിമുഖം<br>• കൗമാരപ്രായവും ആരോഗ്യവും - ബോധവൽക്കണ ക്ലാസ് | V, VI, VII | ഒക്ടോബർ- ഡിസംബർ | അധ്യാപകർ രക്ഷിതാക്കൾ സ്കൂൾ ഭാര വാഹികൾ | |
| സയന്റിഫിക് ടെമ്പർ അന്വേഷണ ത്വര വിമർശനാത്മക ചിന്ത എന്നിവ കുട്ടികളിൽ പളർത്തിയെടുക്കുക. | • വാനനിരീക്ഷണ ക്യാമ്പ് | V, VII | ജനുവരി | അധ്യാപകർ രക്ഷിതാക്കൾ സ്കൂൾ ഭാര വാഹികൾ | |
| ശാസ്ത്രീയ അറിവുകളും ശാസ്ത്രീയ രീതിയും പ്രയോജനപ്പെടുത്തി വ്യക്തിപരവും സാമൂഹികവുമായ ലഘു പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കാൻ പ്രാപ്തരാക്കുക. | • ജലശുദ്ധീകരണശാല സന്ദർശനം<br>• ജലസാമ്പിൾ പരിശോധന<br>• ഭക്ഷണപദാർത്ഥങ്ങളിലെ മായം കണ്ടെത്തൽ | VI, VII | ആഗസ്ത് - ഫെബ്രുവരി | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, ആവാസ വ്യവസ്ഥയുടെ നാശം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അവ ലഘൂകരിക്കാൻ ശാസ്ത്രീയമായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും അവ വീടുകളിലേക്കും സമൂഹത്തിലേക്കും വിനിമയം ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക. പ്രൊജസ്സ് തയ്യാറാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | • കക്കാട് തോട് സന്ദർശനം<br>• പടന്നത്തോട് സന്ദർശനം<br>• ജലമലിനീകരണത്തെക്കുറിച്ചുള്ള പ്രൊജക്ട് | V, VI, VII | ജൂലായ് - മാർച്ച് | അധ്യാപകർ | |
| ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെയും പ്രകൃതിയിലെ വൈവിധ്യത്തെയും തിരിച്ചറിയുക. | • ഇലയറിവ് മേള | V, VI, VII | ജൂലായ് - ആഗസ്ത് | അധ്യാപകർ | |
| വിദ്യാർത്ഥികളിൽ ശാസ്ത്രീയ ശേഖരണവും നിരീക്ഷണശീലവും പ്രോത്സാഹിപ്പിക്കുക. | • ജ്യോതിശാസ്ത്രത്തെയും ബഹിരാകാശത്തെയും കുറിച്ചുള്ള ചിത്രപ്രദർശനം. | V, VI, VII | ഡിസംബർ- ഫെബ്രുവരി | അധ്യാപകർ<br>രക്ഷിതാക്കൾ | |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | • വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | VI | അക്കാദമിക വർഷം | അധ്യാപകർ<br>രക്ഷിതാക്കൾ | |
| | **<u>ശാസ്ത്ര വിസ്മയ ചുമർ</u>**<br>• ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. | V, VI, VII | അക്കാദമിക വർഷം | അധ്യാപകർ | |
| | • കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബറി | V, VI, VII | അക്കാദമിക വർഷം | അധ്യാപകർ<br>രക്ഷിതാക്കൾ | |

## വിഷയം : സോഷ്യൽ സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ പരിശോധിക്കലും നേടിയെടുക്കലും | • കുട്ടികൾക്ക് മാപ്പുകൾ (ഔട്ട്ലൈൻ) നൽകി ജില്ലകൾ, സംസ്ഥാനങ്ങൾ, വൻകരകൾ എന്നിവ ഉറപ്പിക്കുന്നതിനുള്ള കളികൾ നൽകുന്നു. | V, VI, VII | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | • ക്ലാസ്സ്, സ്കൂൾതല തെരഞ്ഞെടുപ്പിലൂടെ വോട്ടെടുപ്പ് പരിചയപ്പെടുത്തുക.<br>• ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുപ്പിച്ച് ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | V, VI, VII | ജൂൺ-ജൂലായ് മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, രക്ഷിതാക്കൾ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| സമാധാനം നിലനിർത്താനുള്ള മനോഭാവം വളർത്തുകയും അതിന് പ്രേരണ നൽകുകയും ചെയ്യുക. | • യുദ്ധക്കെടുതികളുടെ വീഡിയോ പ്രദർശനം.<br>• കൊളാഷ് നിർമ്മാണം (പത്ര വാർത്തകളിൽ നിന്ന്)<br>• ഹിരോഷിമാ നാഗസാക്കി ദിനാചരണങ്ങൾ<br>○ ദീപം തെളിയിക്കൾ<br>○ സഡാക്കോ കൊക്ക് നിർമ്മാണം. | V, VI, VII | ആഗസ്ത് മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| ചരിത്രാവബോധവും പരിസ്ഥിതി സംരക്ഷണാവബോധവും വളർത്തുക. | • ചരിത്ര പഠനയാത്രകൾ<br>• വിഷ്വൽ ഫീൽഡ് ട്രിപ്പ്<br>• തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ സന്ദർശനവും ബോധവൽക്കരണ ക്ലാസും സംഘടിപ്പിക്കൽ | V, VI, VII | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| സോഷ്യൽ മീഡിയയുടെ കാര്യക്ഷമമായ ഉപയോഗത്തെക്കുറിച്ചും വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ലഹരിഉപയോഗം കുട്ടികളിൽ നിന്നും സമൂഹത്തിൽ നിന്നും തുടച്ചു നീക്കുന്നതിനും | • കുട്ടികളുടെ സോഷ്യൽ മീഡിയാ ഉപയോഗം, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്കും, രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• ലഹരിക്കടിമപ്പെട്ടാൽ ഉണ്ടാവാൻ പോകുന്ന ഭവിഷത്തുക്കളെക്കുറിച്ചുള്ള വീഡിയോ പ്രദർശനം നടത്തുന്നു.<br>• സ്കൂൾ പരിസരത്തെ കടകളിൽ ലഹരി ബോധവൽക്കരണ പ്രവർത്തനമായി ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക. | V, VI, VII | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>പി.ടി.എ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>പി.ടി.എ |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കലും മിതവ്യയ ശീലം വളർത്തലും | • പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ സന്ദർശിച്ച് അവർക്ക് വേണ്ട സേവനം ചെയ്യൽ<br>• അഗതി മന്ദിരം സന്ദർശിച്ച് കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ വിതരണം ചെയ്യൽ | V, VI, VII | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

## വിഷയം : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അടിസ്ഥാന ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുന്നു. | • ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>നമ്പർ കാർഡ്, ഡൈസ്, ഫ്ളാഷ് കാർഡ്..... തുടങ്ങിയവ ഉപയോഗിക്കുന്നു. | V | ജൂൺ | ഗണിതാധ്യാപകർ | 1000 രൂപ |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷി വികാസവും | • ഒറിഗാമി ശില്പശാല<br>ഒറിഗാമി ശില്പശാലയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു.<br>വിവിധ രൂപങ്ങൾ വെട്ടിയെടുക്കുന്നു.<br>പ്രദർശനം സംഘടിപ്പിക്കുന്നു. | V, VI, VII | ഒറ്റത്തവണ വർഷത്തിലൊരിക്കൽ<br>വർഷം മുഴുവൻ | ഗണിതാധ്യാപകർ | 10,000 രൂപ |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | • ഗണിതമൂല ഒരുക്കൽ | V, VI, VII | വർഷം മുഴുവനും | ഗണിതാധ്യാപകരും ക്ലബ്ബ് അംഗങ്ങളും | 5,000 രൂപ |
| ഗണിതം മധുരമാക്കൽ | • ഗണിതപഠനം രസകരമാക്കാൻ പസിലുകളും റിഡിലുകളും തയ്യാറാക്കുന്നു. | V, VI, VII | ആഴ്ച തോറും | ഗണിതാധ്യാപകർ | |
| ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർധിപ്പിക്കൽ | • പഠനോപകരണ ശില്പശാല സംഘടിപ്പിക്കുന്നു.<br>• വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു.<br>• പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസ് കൈകാര്യം ചെയ്യുന്നു. | VI, VII<br>V, VI, VII<br>V, VI | ആവശ്യാനുസരണം | ഗണിതാധ്യാപകരും ഗണിത ക്ലബ്ബ് അംഗങ്ങളും | 10,000 രൂപ |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ടി ഉപയോഗിച്ചുള്ള പഠനം | • ജ്യോമെട്രിക്കൽ ഷെയ്പ്സ് പാറ്റേണുകൾ, ടാൽഗ്രം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ. സി.ടി.യിലൂടെ കുട്ടികളിലേക്കെത്തിക്കാനു തകുന്ന പ്രവർത്തനങ്ങൾ | V, VI, VII | മാസത്തിലൊരിക്കൽ | ഗണിതാധ്യാപകർ | 5000 രൂപ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്കെത്തിക്കുന്നു. | • ഗണിത ക്ലിനിക്ക് നടപ്പിലാക്കുന്നു.<br>• പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കാവശ്യമായ പഠന പിന്തുണ ഗണിതാധ്യാപകർ നൽകുന്നു. | V, VI, VII | ആഴ്ചയിലൊരിക്കൽ | ഗണിതാധ്യാപകരും ക്ലബ്ബ് അംഗങ്ങളും | 5000 രൂപ |
| വിവിധ ശേഷികളുടെ വികസനം | • ദിനാചരണം.<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങൾ, ബന്ധപ്പെട്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. | V, VI, VII | ആവശ്യാനുസരണം | SRG, ഗണിതാധ്യാപകർ | 10,000 രൂപ |

## വിഷയം : ഫിസിക്കൽ എഡ്യുക്കേഷൻ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കായികക്ഷമത അളന്ന് തിട്ടപ്പെടുത്തുക. | • BMI (ബോഡിമാസ് ഇൻഡെക്സ്) പരിശോധന<br>• പേശീക്ഷമത പരിശോധന (Situp)<br>• സിറ്റ് ആന്റ് റീച്ച് പരിശോധിച്ച് സ്കോർ മാർക്ക് ചെയ്യൽ<br>• മോഡിഫൈഡ് പുൾ അപ്<br>• നടത്തം, ഓട്ടം എന്നിവയിലൂടെ ഹൃദയ ശ്വസന ക്ഷമത പരിശോധന | UP | ജൂൺ ജൂലായ് | PET | |
| കായികക്ഷമതയിൽ കുറവുള്ള കുട്ടികളെ ക്ഷമതയുള്ളവരാക്കി തീർക്കുക. | • കളിസ്ഥലം ഒരുക്കുക<br>• നീന്തൽകുളം കണ്ടെത്തുക.<br>• വിവിധ കളിയുപകരണങ്ങൾ ശേഖരിക്കുക<br>• യോഗ, കളരി, കരാട്ടേ, നീന്തൽ പരിശീലനം നൽകുക.<br>• നല്ല ആരോഗ്യശീലങ്ങൾ പരിശീലിപ്പിക്കുക<br>• ആഹാരം, ആരോഗ്യം, വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസ്<br>• കായികക്ഷമത നേടുന്ന ജോലികൾ വീട്ടിലും സ്കൂളിലും ചെയ്ത് പരിശീലിപ്പിക്കുക.<br>• പാചകം ശീലിപ്പിക്കുക. | | 2 വർഷം | പി.ടി.എ | |

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവരാക്കുക എന്ന വിദ്യാഭ്യാസത്തിന്റെ പരമ ലക്ഷ്യത്തിൽ എത്തിക്കുവാൻ നമ്മുടെ ഇത്തരം പ്രവർത്തനങ്ങൾ സഹായകരമായിത്തീരും. ദയ, കാരുണ്യം, സ്നേഹം തുടങ്ങിയ മാനവീക വികാരങ്ങൾ കാത്തുസുക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ലഹരിക്കും, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പോരാടാൻ കരുത്തുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് കൈകോർക്കാം.